അർത്ഥമില്ല. അതുകൊണ്ട് അടിയന്തിരമായി ട്രാൻസ്പോർട്ട് വകുപ്പിനും പോലീസ് വകുപ്പിനും കൂടുതൽ സ്പീഡ് റഡാറുകൾ ലഭ്യമാക്കണം. ട്രാഫിക് പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ കൗൺസിലിന്റെ യോഗത്തിൽവച്ച് തീരുമാനമെടുത്ത് നടപ്പാക്കാൻ സാധിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, ഇത്തരത്തിലുള്ള ഉദ്ദേശങ്ങൾ മുന്നിൽകണ്ടുകൊണ്ടാണ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഭാഗമായി റോഡ് സേഫ്റ്റിക്കുവേണ്ടിയുള്ള ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വേൾഡ് ബാങ്കിന്റെ സ്കീമിനകത്ത് റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ ഭാഗമായി ഇത്തരത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റിനും അതുപോലെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനുമൊക്കെ ആവശ്യമായ സാമഗ്രികളും മറ്റും കൊടുക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻ ഉണ്ട്. അതുപയോഗിച്ചുകൊണ്ട് കൂടുതൽ സ്പീഡ് റഡാറുകളും സ്പീഡ് ഡിറ്റക്റ്ററുകളുമൊക്കെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ പുതിയ കോഴ്സുകൾ

*2. [488] ശ്രീ. രാജു എബ്രാഹം :
,, വി. ചെന്താമരാക്ഷൻ :
,, കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യത കളുള്ള വിഷയങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത്തരത്തിലുള്ള ഏതെല്ലാം കോഴ്സുകളാണ് പുതുതായി ഈ വർഷം മുതൽ തുടങ്ങിയിട്ടുള്ളത്;

(സി) കൂടുതൽ തൊഴിൽ സാധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കു ന്നതിനായി ഈ വർഷം (2004-05) സംസ്ഥാനത്തെ ബഡ്ജറ്റിൽ എന്ത് തുക പ്രത്യേക മായി വകകൊള്ളിച്ചിരുന്നു;

(ഡി) ഇതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(ഇ) ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടേയും ഇതുസംബന്ധിച്ച് നടത്തിയ സർവ്വേയുടേയും അടിസ്ഥാനത്തിൽ കൂടുതൽ തൊഴിൽസാധ്യതയുള്ളതും കാലഘട്ടത്തിന് അനുയോജ്യമായതുമായ 19 കോഴ്സുകൾ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്. 100

LIBRARY ARCHIVES Kerala Legislative Assembly

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ പുതിയ കോഴ്സുകൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) 100 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പുതിയ കോഴ്സുകൾക്കുവേണ്ടിയുള്ള കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്.

(സി) പുതിയ വി.എച്ച്.എസ്.ഇ കോഴ്സുകൾ ആരംഭിക്കുന്നതിന് 2004-2005 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ഡി ആന്റ് ഇ) ബാധകമല്ല.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, അങ്ങയുടെ മറുപടിയിൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നാണ് പറഞ്ഞത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അഞ്ചുകോടി രൂപ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതൊന്ന് പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ കേന്ദ്ര സഹായം കിട്ടുന്ന മുറയ്ക്ക് ഈ 100 കോഴ്സുകൾ പുനസംഘടിപ്പിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ കേന്ദ്ര സഹായം കിട്ടുന്നില്ലെങ്കിൽ ഈ കോഴ്സുകൾ ഉണ്ടാകില്ലെന്നാണ് അർത്ഥം. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് ഇക്കാര്യത്തിലിടപെട്ട് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> സർ, വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ ഷെയറിംഗാണ്. അത് എല്ലാപേർക്കുമറിയാം ഷെയറിംഗ് മൂന്നുവിധത്തിലാണ്. ഉദാഹരണത്തിന് ശമ്പളത്തിന്റെ കാര്യത്തിൽ 75 ശതമാനം കേന്ദ്രവും 25 ശതമാനം സ്റ്റേറ്റ് ഗവൺമെന്റുമാണ്. ചിലയിനങ്ങളിൽ 100 ശതമാനവും കേന്ദ്രസഹായമാണ്. ചിലയിനങ്ങളെ സംബന്ധിച്ചിടത്തോളം 50 ശതമാനം സെൻട്രലും 50 ശതമാനം സ്റ്റേറ്റുമാണ്. ഇങ്ങനെ മൂന്ന് കാറ്റഗറിയിലാണ് ഷെയറിംഗ്. അപ്പോൾ കേന്ദ്ര ഷെയറിംഗ് വളരെ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. അതില്ലാതെ മുഴുവൻ ബാദ്ധ്യതയും സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് സ്കൂളുകൾ ആരംഭിക്കുമെന്ന് ഈ ഘട്ടത്തിൽ പറയാൻ കഴിയില്ല.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, തൊഴിലധിഷ്ഠിത കോഴ്സുകൾ വി.എച്ച്.എസ്.ഇ-കളിൽ മാത്രമല്ല പോളിടെക്നിക്കുകളിലും ഉൾപ്പെടുന്നു. ഇപ്പോൾ പത്തോളം പോളിടെക്നിക്കുകൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പണമില്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ പണം കൊടുക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. അതുകൊണ്ട് ഈ പത്ത് പോളിടെക്നിക്കുകളും അടച്ചുപൂട്ടാതെ കെട്ടിടം നിർമ്മിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, പോളിടെക്നിക്കുകളെ സംബന്ധിച്ച് പ്രശ്നമുണ്ട്. ഞാൻ കഴിഞ്ഞ തവണ അത് പറഞ്ഞിരുന്നു. എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതുകൊണ്ട് എ.ഐ.സി.റ്റി.ഇ.-തന്നെ ഇക്കാര്യത്തിൽ ചില പരിമിതികൾ പറഞ്ഞിട്ടുണ്ട്. ഏതായിരുന്നാലും ഇതിന്റെ പ്രതിസന്ധിയെക്കുറിച്ച് ഗവൺമെന്റിനറിയാം. പോളിടെക്നിക്കുകൾ അടച്ചുപൂട്ടാതിരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നമ്മുടെ രാജ്യത്തിന് മഹത്തായ ഒരു പൈതൃകവും പാരമ്പര്യവുമുണ്ട്. സാമ്പത്തികരംഗത്ത് ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന നിരവധി ഉല്പന്നങ്ങളുടെ ഉൽപ്പാദനം നടത്തിയിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. കയർ, കശുവണ്ടി, മൽസ്യബന്ധനം, കാർഷികോൽപ്പന്നമായിട്ടുള്ള കുരുമുളക് ഇതൊക്കെ ഉൽപ്പാദിപ്പിച്ച് ലോകത്തിന്റെ ശ്രദ്ധപിടിച്ചുപറ്റാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. ഈ മേഖലയിൽ നിന്നുകൊണ്ടുവേണം നമുക്ക് പുരോഗതിയിൽ മുന്നേറ്റമുണ്ടാക്കിയെടുക്കാനുള്ളത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി അങ്ങയുടെ മറുപടിയിൽ സൂചിപ്പിച്ച 19 കോഴ്സുകളിൽ ഈ മേഖലയുമായി ബന്ധപ്പെട്ടുള്ള ഏതെങ്കിലും കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം വളരെ ശ്രദ്ധേയമാണ്. ഒന്നാമത്തെ കാര്യം നമ്മുടെ സംസ്ഥാനം agro based ആണ്. കാർഷികപരമായിട്ടുള്ള കോഴ്സുകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അഗ്രിക്കൾച്ചർ രംഗത്ത് Plant protection, Fruits and Vegetables, Nursery Management and Ornamental Gardening, Sericulture എന്നിവ ഇപ്പോൾത്തന്നെയുണ്ട്. ആരംഭിക്കാൻ പോകുന്ന 19 കോഴ്സുകളിലും ഈ പറയുന്നതുപോലുള്ള കാര്യങ്ങൾക്ക് അർഹമായ തരത്തിലുള്ള പരിഗണന കൊടുത്തിട്ടുണ്ട്. ഉദാഹരണത്തിന് കാർഷിക രംഗത്ത് വാട്ടർഷെഡ് മാനേജുമെന്റ്, അഗ്രോ ബിസിനസ്സ് എന്നിവ ഈ രംഗത്തുണ്ട്. കേരളത്തിന്റെ പരമ്പരാഗതമായിട്ടുള്ള വ്യവസായങ്ങൾ, അവയിലുള്ള തൊഴിൽ സാധ്യതകൾ ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടുതന്നെയാണ് നമ്മൾ ചെയ്യുന്നത്. 19 പുതിയ കോഴ്സുകളുടെ കാര്യത്തിൽ, എംപ്ലോയ്മെന്റ് മാർക്കറ്റിൽ കൂടുതൽ സാദ്ധ്യതയുള്ള കോഴ്സുകൾ തെരഞ്ഞെടുത്ത് കൊടുക്കാൻ പോകുന്നത്. അതനുസരിച്ചുള്ള ലിസ്റ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, യഥാർത്ഥ വിദ്യാഭ്യാസ പൈതൃകമുള്ള രാജ്യമാണ് ഇൻഡ്യ. പക്ഷെ ബ്രിട്ടീഷുകാർ ഇൻഡ്യയിൽ വന്നപ്പോൾ വാക്കിലും നോക്കിലും ഇൻഡ്യാക്കാരനും ചിന്തയിലും പ്രവർത്തനത്തിലും ബ്രിട്ടീഷുകാരായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ വളർത്തിയെടുക്കാനാവശ്യമായ വിദ്യാഭ്യാസ സംവിധാനമാണ് നമ്മുടെ നാട്ടിൽ കൊണ്ടുവന്നത്. അതിന്റെ ദുരന്തം നമ്മുടെ രാജ്യം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾത്തന്നെ ഐ.ടി. വിദ്യാഭ്യാസമെന്നൊക്കെപ്പറഞ്ഞ് നമ്മുടെ രാജ്യത്തിന് ചേരാത്ത വിധത്തിൽ നിരവധി കാര്യങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അത് മറികടക്കാൻ ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ പുറകിലോട്ട് പോകുന്നത് മാറ്റി നമ്മുടേതായ തനത് പൈതൃകവും പാരമ്പര്യവും അതുപോലെതന്നെ ജോലിസാദ്ധ്യതയുമുൾപ്പെടുത്തിക്കൊണ്ടുള്ള സംവിധാനമുണ്ടാക്കിയെടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ബ്രിട്ടീഷുകാർ ആരംഭിച്ചതുപോലുള്ള സമ്പ്രദായമല്ല ഇത്. മറിച്ച് നമുക്ക് വിവിധ ഗ്രൂപ്പുകളിലായി Engineering Technology ഉണ്ട്. അതിൽ പതിമൂന്നോളം കോഴ്സുകളുണ്ട്. അഗ്രിക്കൾച്ചറൽ രംഗത്തുള്ള നാല് കോഴ്സുകൾ വളരെ പ്രധാനപ്പെട്ട കോഴ്സുകളാണ്. അതുപോലെ അനിമൽ ഹസ്ബന്ററിയിലുണ്ട്, ഫിഷറീസ് രംഗത്തുണ്ട്, ഫിസിക്കൽ എഡ്യൂക്കേഷനിലുണ്ട്, ഹോം സയൻസ്സിലുണ്ട്, ഹ്യൂമാനിറ്റീസിലുണ്ട്. ബിസിനസ്സ് ആന്റ് കോമേഴ്സ്, അഗ്രിക്കൾച്ചർ, ഡയറ്റിംഗ് തുടങ്ങി എല്ലാ മേഖലകളിലും ഇപ്പോൾ കോഴ്സ് കൊടുക്കുന്നുണ്ട്. ലോകത്തിന്റെ പലഭാഗത്തും നമ്മുടെ നാട്ടിൽത്തന്നെയും വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ സാധ്യതകൾകൂടി കണ്ടുകൊണ്ടുതന്നെയാണ് ഇതിന്റെ കോഴ്സ് ഡിസൈൻ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ചെയ്തിട്ടുള്ള ഒരു കാര്യം KITCO എന്ന Consulting Agency-യെ നമ്മൾ നിയമിച്ചു. ഏതെല്ലാം കോഴ്സിനാണ് എംപ്ലോയ്മെന്റ് മാർക്കറ്റിൽ ഡിമാന്റുള്ളതെന്ന് പഠനം നടത്തി നിലവിലുള്ള കോഴ്സുകൾ പുനഃസംവിധാനം ചെയ്യാൻ, മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിലും, ഇതിനുള്ള സാധ്യതകൾ ഏത് കോഴ്സിനാണ് കൂടുതൽ ഉള്ളത്, ഏത് വിധത്തിലാണ് മാറ്റം വരുത്തേണ്ടത് എന്നതിനെ സംബന്ധിച്ച് സർവെ നടത്താനും എം.ജി.പി-യിൽ ഇപ്പോൾ നമുക്കൊരു വകുപ്പുണ്ട്. ഇതെല്ലാംവച്ചുകൊണ്ട് ഈ പറയുന്ന കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, അൺഎയ്ഡഡ് മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സ് ആരംഭിക്കാൻ കഴിഞ്ഞ വർഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്? അതിൽ എത്ര അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് അൺഎയ്ഡഡ് മേഖലയിൽ ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, അൺഎയ്ഡഡ് മേഖലയിലേക്ക് വൊക്കേഷണൽ ഹയർ സെക്കന്ററി വ്യാപിപ്പിച്ചിട്ടില്ല. ഇപ്പോൾ നമുക്ക് 375 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളാണുള്ളത്. അതിൽ 247 എണ്ണം ഗവൺമെന്റ് മേഖലയിലാണ്. 128 എണ്ണം സ്വകാര്യ മേഖലയിലാണ്. അത് എയ്ഡഡ് ആണ്. അൺഎയ്ഡഡ് സെക്ടറിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ ജോലിയെ സംബന്ധിച്ചുള്ള ഒരു ധാരണ ഗവൺമെന്റ് ജോലി അതല്ലെങ്കിൽ ആ നിലയിലുള്ള ഒഫിഷ്യലായിട്ടുള്ള ജോലികളെ സംബന്ധിച്ചാണ്. അപ്പോൾ ഈ പുതിയ തലമുറയ്ക്കുതന്നെ തൊഴിലിനെ സംബന്ധിച്ചുള്ള ഒരു അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. അതുകൊണ്ട് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പത്താം ക്ളാസ് മുതൽ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അതിപ്പോൾ ചർച്ചയിലുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ മൂന്ന് ഓപ്ഷൻ ഉണ്ട്. ഒന്ന് പി.എസ്.സി. മുഖേനയുള്ള ജോലി. രണ്ട് സ്വയംതൊഴിൽ കണ്ടെത്താൻ, മൂന്ന് ഹയർ സ്റ്റഡീസിന്. ഇങ്ങനെ മൂന്ന് ഓപ്ഷൻസ് ഉണ്ട്. അതിൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത് പത്താംക്ളാസിനുമേൽ പ്ളസ് ടു എന്ന നിലയിൽ വൊക്കേഷണൽ ഹയർ സെക്കന്ററിയിലേക്ക് പോകുന്നതിനുപകരം 8-ാം ക്ളാസ് മുതൽതന്നെ vocationalisation വേണമെന്ന ഒരു ചർച്ച ഗവൺമെന്റ് ഓഫ് ഇൻഡ്യക്കുണ്ട്. അക്കാര്യം ഗൗരവതരമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ അടുത്തകാലത്ത് കേരളത്തിൽ ആരംഭിച്ച കാൾ സെന്ററുകളുടെ പ്രധാനപ്പെട്ട പരാതി ജോലിയ്ക്കെടുക്കാൻ വേണ്ടി ഇംഗ്ളീഷ് fluent ആയി സംസാരിക്കുന്ന കുട്ടികളുടെ അഭാവമാണ്. കേരളത്തിനകത്തും പുറത്തുമുള്ള എംപ്ളോയ്മെന്റ് മാർക്കറ്റിനെക്കുറിച്ചുള്ള വിശദമായ പഠനം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് മുൻപായി ഗവൺമെന്റ് നടത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ശരിക്കുപറഞ്ഞാൽ ഇത് വൊക്കേഷണൽ ഹയർ സെക്കന്ററിയുമായിട്ട് ബന്ധപ്പെട്ട വളരെ പ്രധാനമായ ഒരു കാര്യമാണ്. എംപ്ലോയ്മെന്റ് മാർക്കറ്റിൽ ഡിമാന്റുള്ള കോഴ്സുകൾ കൊടുക്കാൻ കഴിയണം. അതിൽ വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ കാര്യവും ഉണ്ട്. അതോടൊപ്പംതന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മൾ പുതിയ കോഴ്സുകൾ കൊടുക്കുന്ന സമയത്ത് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പോലുള്ള കോഴ്സുകൾ കൊടുക്കാത്തതുകൊണ്ട് ഇന്റർവ്യൂവിന് പോകുന്ന സമയത്ത് കമ്മ്യൂണിക്കേഷൻ സ്കില്ലിന്റെ കുറവുകൊണ്ട് കൂടുതൽ പരാജയം വരുന്നു. അത് ഗവൺമെന്റ് തിരിച്ചറിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്ത് ചില പ്രത്യേകമായ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശ്യമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഒരു പ്രധാനപ്പെട്ട പോരായ്മ എന്ന് പറയുന്നത്, 10-ാം ക്ലാസ് വരെ പഠിച്ചുകഴിഞ്ഞാൽ പിന്നെ തൊഴിലിനോട് പരമപുച്ഛം ഉണ്ടാക്കുന്ന ഒരു വിദ്യാഭ്യാസ രീതിയാണ് ഇവിടെ നിലനിൽക്കുന്നത് എന്നതാണ്. അതിന് ഒരു മാറ്റം വരുത്തുക എന്ന

ഉദ്ദേശ്യത്തോടുകൂടിയാണ് ഈ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചത്. ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നം, അങ്ങനെയുള്ള കോഴ്സുകൾ പലതും പി.എസ്.സി. അംഗീകരിച്ചിട്ടില്ല. അതിന്റെ ഫലമായിട്ട് കോഴ്സ് പാസായിട്ട് ജോലി കിട്ടാതെ നിൽക്കുന്ന സാഹചര്യം വരുന്നതുകൊണ്ട് കോഴ്സുകൾ വേണ്ടത്ര ആകർഷകമല്ല എന്ന സ്ഥിതിവിശേഷമുണ്ട്. ആ കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ സമയത്ത് ഇത് ഒരു ടെർമിനൽ കോഴ്സ് എന്ന നിലയിലാണ് വിഭാവന ചെയ്തത്. ഇത് പഠിച്ച് പുറത്തുവരുന്ന ആളുകൾക്ക് അതോടുകൂടിത്തന്നെ ജോലിയിൽ പ്രവേശിക്കാൻ സാധിക്കും. നിലവിലുള്ള കണക്കുപ്രകാരം 32,000 കുട്ടികൾ ഒരു വർഷം പുറത്തിറങ്ങുന്നുണ്ട്. അവർക്കൊക്കെ ഇവിടെ ജോലി സാധ്യതയില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതു ശരിയാണ്. ഇപ്പോൾ 12 ട്രേഡിന് മാത്രമേ പി.എസ്.സി.-യുടെ അംഗീകാരം കിട്ടിയിട്ടുള്ളൂ. ബാക്കി ട്രേഡുകൾക്ക് പി.എസ്.സി.-യുടെ അംഗീകാരം കിട്ടാനായി ശ്രമിക്കുന്നുണ്ട്. അതുമാത്രം കൊണ്ട് മതിയാവില്ല. പി.എസ്.സി. മുഖേന കിട്ടുന്നതിന്റെ എണ്ണം വളരെ കുറവായിരിക്കും. ഈ കോഴ്സുകൾ കാലാനുസൃതമായി മാറ്റുകയാണ് ഇതിൽ ചെയ്യേണ്ടത്. എംപ്ലോയ്മെന്റ് മാർക്കറ്റ് fluctuate ചെയ്തുകൊണ്ടിരിക്കുകയാണ്. അതനുസരിച്ച് എംപ്ലോയ്മെന്റ് മാർക്കറ്റുള്ള കോഴ്സുകളെക്കുറിച്ച് എം.ജി.പി. പ്രകാരം സർവേ നടത്തി, 19 കോഴ്സുകളുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ഇനി ഇതുപോലുള്ള പുതിയ കോഴ്സുകളാണ് കൊടുക്കാൻ പോകുന്നത്. അപ്പോൾ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കപ്പെടും. എങ്കിൽപ്പോലും ഇത് പഠിച്ച് പുറത്തുവരുന്ന മുഴുവൻ കുട്ടികൾക്കും നമ്മുടെ നാട്ടിൽ ജോലി കൊടുക്കാൻ കഴിയില്ല എന്നുള്ളതാണ് വസ്തുത.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന്റെ തുടർച്ചയായിട്ട് പറയുകയാണ്. ഇത് ഒരു അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് പലപ്പോഴും ഇതിന് ജോലിസാദ്ധ്യത കിട്ടുന്നില്ല. ഒരു തുടർ വിദ്യാഭ്യാസം എന്ന നിലയിൽ ഇതിന്റെ അനുബന്ധമായി ഡിപ്ലോമാ കോഴ്സുകളോ ഡിഗ്രി കോഴ്സുകളോ ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ പ്ലസ് ടു ലെവൽ കഴിഞ്ഞ് ഇനി ആ നിലയിൽ ഡിപ്ലോമയ്ക്ക് വലിയ സാധ്യതയുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ആ നിർദ്ദേശം അത്ര പ്രായോഗികമല്ല എന്നാണ് തോന്നുന്നത്. ഏതായാലും അതിന്റെ സ്ഥിതി എന്താണെന്ന് പരിശോധിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിനെ സംബന്ധിച്ച് പറയുകയുണ്ടായി. ഇത്തരം പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുമ്പോൾ പലപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പ്രദേശങ്ങൾ പിൻതള്ളപ്പെടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് പുതിയതായി തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുമ്പോൾ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് അവിടെ ഇത്തരം കോഴ്സുകൾ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പുതിയ കോഴ്സുകൾ കൊടുക്കുന്ന സമയത്ത് ഗവൺമെന്റിന്റെ ഇപ്പോഴുള്ള ആഗ്രഹം എന്ന് പറയുന്നത്, ഒന്നാമത്തെ ഓപ്ഷൻ ഗവൺമെന്റ് സ്കൂളുകളിൽനിന്നും അപേക്ഷയുണ്ടെങ്കിൽ അവർക്ക് തന്നെ കൊടുക്കുക എന്നതാണ്. വേറെ പ്രൈവറ്റ് സ്കൂളിന് കൊടുക്കില്ല. രണ്ടാമത്തെ കാര്യം എന്ന് പറയുന്നത് ദൂരപരിധിയാണ്. എവിടെ പ്ലസ് ടു ഇല്ല, വൊക്കേഷണൽ ഹയർ സെക്കന്ററി ഇല്ല എന്നുള്ള സ്ഥലംവച്ച് അതിന്റെ ദൂരപരിധി നോക്കിയിട്ട് പ്രയോറിറ്റി നിശ്ചയിക്കും. മൂന്നാമത്തേത് ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പരിഗണന. അങ്ങനെ മൂന്ന് പ്രയോറിറ്റിയാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതിനനുസരിച്ചായിരിക്കും അടുത്ത പ്രാവശ്യം കൊടുക്കുമ്പോഴും ചെയ്യുക.

ശ്രീ. ടി. എം. ജേക്കബ്: വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ കാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഞാനായിരുന്നു. അന്ന് പ്ലസ് ടു ആരംഭിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. ഇപ്പോൾ പ്ലസ് ടു വന്നിരിക്കുന്നു. പ്ലസ് ടു-വും വൊക്കേഷണൽ ഹയർ സെക്കന്ററിയും ഏകദേശം തുല്യമായിട്ട് പോവുകയാണ്. ഈ സാഹചര്യത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പഠിപ്പിക്കുന്ന സബ്ജക്ട്സ് പ്ലസ് ടു-വിൽ ആക്കി ഇത് എന്തുകൊണ്ട് ഒരേ രൂപത്തിൽ കൊണ്ടുപോയിക്കൂടാ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ പഠിക്കുന്ന കുട്ടികൾക്ക് ലോഡ് കൂടുതലാണ്. കാരണം, പ്ലസ് ടു-വിൽ പഠിക്കുന്ന സബ്ജക്ട്സ് ഒക്കെ അതിൽ പഠിക്കണം. പാർട്ട്-2ന്റെ കാര്യത്തിൽ ആണെങ്കിൽ അവർ വൊക്കേഷണൽ സബ്ജക്ട്സും പഠിക്കണം. നോൺ വൊക്കേഷണലിൽ പ്ലസ് ടു-വിൽ എന്താണോ സബ്ജക്ട്സ് അതും പഠിക്കണം. പക്ഷേ അതിന്റെ ഓപ്ഷൻ എന്നുപറഞ്ഞാൽ കുറച്ച് വ്യത്യാസമുണ്ട്. പ്ലസ് ടു-വിൽ പഠിച്ചാൽ ഹയർ സ്റ്റഡീസിന് പോകാനേ പറ്റുകയുള്ളൂ. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ പഠിച്ചാൽ പാരാ മെഡിക്കൽ, ഗാർമെന്റ് മേക്കിംഗ് തുടങ്ങിയ കോഴ്സുകൾക്ക് നല്ല ഡിമാന്റുണ്ട്. അതിൽ ജോലി കിട്ടിപ്പോയി രക്ഷപ്പെടുന്ന ഒരു ഓപ്ഷൻ കൂടി കൊടുക്കുന്നു. അതുകൊണ്ട് ഇത് ക്ലബ്ബ് ചെയ്യാൻ പറ്റില്ല.

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ് 19 കോഴ്സുകളും ഔപചാരികമായി വ്യവസ്ഥാപിതമായിട്ടുള്ള കോഴ്സുകളാണെന്നാണ്. എന്നാൽ അനൗപചാരിക സാങ്കേതിക വിദ്യാഭ്യാസ മേഖലയിലും നമ്മുടെ ടെക്നിക്കൽ സ്കൂളുകൾക്കും പോളിടെക്നിക്കിനും എല്ലാം പങ്ക് വഹിക്കാൻ കഴിയും. പ്രത്യേകിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൈക്രോ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയം സ്വീകരിച്ചിരുന്നു. ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് മാനേജീരിയൽ സാങ്കേതികതയാണ്. അത് ഒരു യൂണിഫോം കോഴ്സ് വഴി പറ്റില്ല. പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടാകും. അപ്പോൾ പ്രാദേശികമായി ഇത്തരത്തിലുള്ള മൈക്രോ സംരംഭങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്ന ഒരു ഹ്രസ്വകാല കോഴ്സ് അല്ലെങ്കിൽ ദീർഘകാലകോഴ്സ് അനൗപചാരികമായിട്ട് സംഘടിപ്പിക്കുന്നതിന് നമ്മുടെ ഈ സാങ്കേതിക വിദ്യാലയങ്ങളെ ഉപയോഗപ്പെടുത്താമോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u>: ഏറ്റവും നല്ല ആശയമാണ്. ശരിക്കു പറഞ്ഞാൽ കമ്മ്യൂണിറ്റിയുടെ ആവശ്യം നോക്കിയിട്ട് ഹ്രസ്വകാല കോഴ്സുകൾ കൊടുക്കേണ്ടത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഏറ്റവും പ്രധാനമായ സംഗതിയാണ്. ഏറ്റവും നല്ല രംഗം എന്ന് പറയുന്നത് കമ്മ്യൂണിറ്റി പോളിടെക്നിക്കുകളാണ്. അത് ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ വ്യാപിപ്പിക്കുകയാണെങ്കിൽ ഗ്രാമത്തിന്റെ ആവശ്യം എന്താണെന്ന് മനസ്സിലാക്കി ആരംഭിക്കാം. അങ്ങ് സൂചിപ്പിച്ചതുപോലെ ഷോർട്ട്ടൈം കോഴ്സുകൾ ഉദാഹരണമായിട്ട് മൊബൈൽഫോൺ റിപ്പയറിംഗ്, അതുപോലെ കാർഷിക രംഗത്ത് പഴയ യന്ത്രങ്ങളുണ്ട്, ഫ്രിഡ്ജ് റിപ്പയറിംഗ് ഇതൊക്കെ ഹ്രസ്വകാല കോഴ്സുകളാണ്. അതിന് ചെയ്യേണ്ടത് കമ്മ്യൂണിറ്റി പോളിടെക്നിക്കുകൾ കുറച്ചുകൂടി വിശാലമാക്കുക എന്നുള്ളതാണ്. അത് ഗൗരവമായിട്ട് ആലോച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. ഡിമാന്റ് ചർച്ചയുടെ സമയത്ത് അത് ഞാൻ പറയുകയും ചെയ്തിരുന്നു. തീർച്ചയായിട്ടും ഗവൺമെന്റ് ആ കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച് പറയുമ്പോൾ പുതിയ സാദ്ധ്യതകളെക്കുറിച്ചും പുതിയ കോഴ്സുകളെക്കുറിച്ചും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും വിദ്യാഭ്യാസ വകുപ്പിലെ തന്നെ പ്രമുഖരായ ഉദ്യോഗസ്ഥൻമാർക്കും ആധുനിക കാലഘട്ടങ്ങളിലെ കാര്യങ്ങളെക്കുറിച്ച് വേണ്ടത്ര ധാരണയുണ്ടോ എന്ന് സംശയമാണ്. അതുകൊണ്ട് ഞാൻ ഒരു സജഷൻ വയ്ക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ മുൻകൈയെടുത്ത് കേരളത്തിനകത്തും ഇൻഡ്യയ്ക്ക് പുറത്തും ഏതെല്ലാം പുതിയ കോഴ്സുകൾ ഉണ്ടെന്നും അതിനുള്ള സാദ്ധ്യതകൾ എന്തൊക്കെയാണെന്നും അതിന്റെ വിലാസങ്ങൾ എന്തൊക്കെ ആണെന്നും അവിടെ അഡ്മിഷൻ കിട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും ഒക്കെയുള്ള ഒരു സമ്പൂർണ്ണമായ വിദ്യാഭ്യാസ ഹാന്റ് ബുക്ക് പ്രസിദ്ധീകരിക്കുകയും ഹയർ സെക്കന്ററി എഡ്യൂക്കേഷന്റെ റീജിയണൽ ഡയറക്ടറേറ്റിലും സ്റ്റേറ്റ് ഡയറക്ടറേറ്റിലും ഡി.പി.ഐ. ഓഫീസിലും ഒക്കെ അതിനുവേണ്ടി പ്രത്യേകമായ ഒരു ഓഫീസ് തുറന്ന് ആവശ്യമുള്ളവർക്ക് ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന കാര്യം ഗവൺമെന്റിന് ആലോചിച്ചുകൂടേ? അതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എംപ്ലോയ്മെന്റ് മാർക്കറ്റ് സർവ്വേ ഒരു പ്രധാന ഘടകമാണ്. ശ്രീ. ഖാദർ ഇവിടെ സൂചിപ്പിച്ചതുപോലെ എംപ്ലോയ്മെന്റ് മാർക്കറ്റിൽ എന്തിനാണ് ഡിമാന്റ് ഉള്ളത് എന്ന് കണ്ടുകൊണ്ട് അതിനനുസരിച്ച് സപ്ലൈ ഉണ്ടാകണം. ഇവിടെ സംഗതി നേരത്തെ മറിച്ചായിരുന്നു. നമ്മൾ കുറേ കോഴ്സുകൾ കൊടുക്കുക, അത് പാസ്സായാൽ ജോലിയുണ്ടോ ഇല്ലയോ എന്ന് നോക്കുക. അതല്ല വേണ്ടത്. എംപ്ലോയ്മെന്റ് മാർക്കറ്റ് സർവ്വേ നടത്തിയിട്ട് അതിന് ആവശ്യമായ മാൻപവർ ജനറേഷൻ ഉണ്ടാകണം. അതാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അത് തീർച്ചയായിട്ടും ചെയ്യും. ഞാൻ ആദ്യം പറഞ്ഞതുപോലെ എം.ജി.പി. ഇനിഷ്യേറ്റീവിന്റെ കൂട്ടത്തിൽ ഒരു സംഗതി എന്ന് പറയുന്നത് ഈ സർവ്വേ നടത്താനാണ്. നമുക്ക് വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് ഇപ്പോൾ ഏഴ് റീജിയണൽ ഓഫീസുകളാണുള്ളത്. അവിടെ ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുകയാണ്. മറ്റൊരു കാര്യം ചെയ്യാൻ കഴിയുന്നത്, തൊഴിൽ ദാതാക്കൾക്ക് കൂടുതൽ പരിചയപ്പെടുത്തിക്കൊടുക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുകയാണ്. എം.ജി.പി. സർവ്വേയിൽ അതിന് കോംപൊണന്റ് കൂടിയുണ്ട്. ഇവിടെയുള്ള കോഴ്സുകളെ സംബന്ധിച്ച് തൊഴിൽദാതാക്കൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനുള്ളള സംവിധാനങ്ങളും ഇതിന്റെ ഭാഗമായിട്ട് ഉണ്ടാക്കാൻ സാധിക്കും.

ശ്രീ. എ. സുജനപാൽ: നമ്മുടെ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ഒരു പ്രധാന പോരായ്മയുള്ളത് പ്രാക്ടിക്കൽ ട്രെയിനിംഗിനല്ല തിയറി പഠിപ്പിക്കാനാണ് പ്രാധാന്യം നൽകുന്നത് എന്നതാണ്. മറ്റ് പല സംസ്ഥാനങ്ങളിലും ഉള്ളതുപോലെ പ്രാക്ടിക്കൽ ട്രെയിനിംഗിന് കൂടുതൽ പ്രാധാന്യം നൽകുകയും വിദ്യാർത്ഥികൾ പഠിക്കുന്ന സന്ദർഭത്തിൽ തന്നെ വരുമാനം ഉണ്ടാക്കുന്ന രൂപത്തിൽ പാർട്ട്ടൈം തൊഴിലിന് പോകാവുന്ന വിധത്തിലുള്ള സംവിധാനമാണ് പ്രധാനമായും ഉണ്ടാകേണ്ടത്. എങ്കിൽ മാത്രമേ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അതിന്റെ ലക്ഷ്യം പ്രാപിക്കുകയുള്ളൂ. അതുകൊണ്ട് നിലവിലുള്ള പ്ലസ് ടു വിദ്യാഭ്യാസത്തിൽ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ഐ.റ്റി.ഐ., പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളിൽ സിലബസിൽ പ്രാക്ടിക്കലിന് മുൻതൂക്കം നൽകുകയും ആ വിദ്യാർത്ഥികൾക്ക് തൊഴിൽ ചെയ്യാനുള്ള സന്ദർഭം ഉണ്ടാക്കുന്ന രൂപത്തിൽ കോഴ്സുകൾ റീസ്ട്രക്ച്ചർ ചെയ്യുകയും ചെയ്യുമോ; അതിന് വല്ല പദ്ധതിയും ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇപ്പോൾ നമുക്ക് കരിക്കുലം കൗൺസിൽ കൂടാതെ ഒരു കമ്മിറ്റികൂടിയുണ്ട്. ആ കമ്മിറ്റി എന്ന് പറയുന്നത് വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ കൗൺസിൽ എന്നുള്ളതാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ കൗൺസിൽ എന്ന് പറയുന്നതിൽ എല്ലാ ഡിപ്പാർട്ടുമെന്റിന്റേയും തലവൻമാർ ഉണ്ട്. യഥാർത്ഥത്തിൽ ഈ വൊക്കേഷണൽ ഹയർ സെക്കന്ററി കൗൺസിലിന്റെ മുൻപിലുള്ള പ്രധാന അജണ്ട, ഇതിൽനിന്ന്

എങ്ങനെ പ്രായോഗിക തലത്തിൽ കൂടുതൽ പരിശീലനം കൊടുക്കാൻ സാധിക്കും, ഏതെല്ലാം നൂതനമായ മാർഗ്ഗങ്ങൾ ഇവിടെ അവലംബിക്കാൻ സാധിക്കും എന്നിത്യാദി കാര്യങ്ങളാണ്. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റിന്റേയും സെക്രട്ടറിമാരേയും ഈ കൗൺസിലിൽ ഉൾക്കൊള്ളിക്കാനുള്ള കാരണവും അതുതന്നെയാണ്. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ പഠിക്കുന്ന കുട്ടികൾക്ക് എങ്ങനെ 'എക്സ്പീരിയൻസ് കിട്ടും, എങ്ങനെ കൂടുതൽ പ്രായോഗിക പരിശീലനം കിട്ടും തുടങ്ങിയ കാര്യങ്ങൾ ഈ കൗൺസിലിന്റെ മുൻപിലുള്ള പ്രധാന അജണ്ടയാണ്. ആ കമ്മിറ്റി കൂടിയതിനുശേഷം ആ കാര്യം ഗൗരവത്തോടുകൂടി പരിഗണിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഈടുവയ്ക്കപ്പെട്ട വസ്തു കടബാധ്യത തീർക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതിന് നടപടി

*3 [489] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടബാധ്യതയുടെ പേരിൽ ഈടുവയ്ക്കപ്പെട്ട വസ്തു ബോട്ട്-ഇൻ-ലാൻഡായി സർക്കാർ കണ്ടുകെട്ടിയത് കടബാധ്യത തീർക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതിന് നിലവിൽ എന്തെങ്കിലും നിയമതടസമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നിലനിൽക്കുന്ന തടസങ്ങൾ നീക്കി ഭൂമി നഷ്ടപ്പെട്ടവർക്ക് അത് തിരിച്ച് നൽകാൻ ഉതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly